# STD - V

## അദ്ധ്യാപക സഹായി

## പാഠം - ഒമ്പത്    സത്യം പറയുക   ഭാഗം - ഒന്ന്

### ലക്ഷ്യം

ദൈവമക്കളായ നാമെല്ലാവരും സത്യസന്ധരായി ജീവിക്കണം. സത്യത്തിന്റെ ഉറവിടം ദൈവമാണ്. വിശ്വസ്തതയും ദൈവഭയമുള്ളവരുമാണ് സത്യസന്ധർ. ഞാൻ എപ്പോഴും സത്യം മാത്രമേ പറയുകയുള്ളൂ.

### പഠനസഹായികൾ

* പാഠഭാഗത്ത് നൽകിയിട്ടുള്ള ജോണിന്റെ കഥ
* യൂ-ട്യൂബ് വീഡിയോ - സത്യസന്ധത
* വചനം: ദാനി. 13:1-64 (സൂസന്ന), പുറ. 18:21

### പാഠത്തിന്റെ ഉള്ളടക്കം

* സത്യസന്ധനായ ജോൺ
* ദൈവം - സത്യത്തിന്റെ ഉറവിടം
* വഴിയും സത്യവും ജീവനും
* ഉത്തമമായ ഈശ്വരാരാധന
* സത്യസന്ധർ - ബൈബിൾ

### പ്രാർത്ഥന

ദൈവമേ, സത്യം വെടിയാതെ ജീവിക്കാനും, ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ആമേൻ

### ചോദ്യങ്ങൾ

1. ആരാണ് സത്യത്തിന്റെ ഉറവിടം?
2. എന്താണ് ഉത്തമമായ ഈശ്വരാരാധന?
3. ബൈബിൾ എങ്ങനെയുള്ളവരെയാണ് സത്യസന്ധർ എന്ന് വിളിക്കുന്നത്?
4. സൂസന്നയുടെ കഥ നമുക്ക് തരുന്ന ഗുണപാഠമെന്ത്?
5. ദൈവത്തിന്റെ കല്പനകളോടും ഉടമ്പടി ബന്ധത്തോടും വിശ്വസ്തത പുലർത്തുന്ന വർ എങ്ങനെയുള്ളവരായിരിക്കും?

# STD - V

## അദ്ധ്യാപക സഹായി

## പാഠം – ഒമ്പത്    സത്യം പറയുക    ഭാഗം – രണ്ട്

### ലക്ഷ്യം

സത്യത്തിൽ ജീവിക്കുകയും അത് ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക. നഷ്ടങ്ങൾ സഹിക്കേണ്ടിവന്നാലും, വേദനകൾ അനുഭവിക്കേണ്ടിവന്നാലും സത്യം വെടിയരുത്. ഞാൻ സത്യസന്ധത ജീവിതത്തിൽ ശീലമാക്കും.

### പഠനസഹായികൾ

* Paper cuttings – സത്യസന്ധതയുടെ മാതൃകകൾ
* ചിത്രങ്ങൾ – ബൈബിളിലെ സത്യസന്ധർ
* ജീവിതകഥ – മഹാത്മാഗാന്ധി
* ചാർട്ട് – സത്യസന്ധമായി ജീവിക്കാൻ ഒഴിവാക്കേണ്ട കാര്യങ്ങൾ
* വചനം – 1 പത്രോസ് 2:1

### പാഠത്തിന്റെ ഉള്ളടക്കം

* സത്യം = സ്വാതന്ത്ര്യം
* സത്യത്തിന്റെ സാക്ഷികൾ ആകുക
* ഒഴിവാക്കാം – അപവാദം/ഏഷണി/നുണ/മുഖസ്തുതി
* ക്രിസ്തു സത്യം തന്നെയാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ സത്യത്തിന്റെ സാക്ഷികൾ
* ഭാരതസംസ്ക്കാരത്തിന്റെ മുഖമുദ്ര

### പ്രാർത്ഥന

'വഴിയും സത്യവും ജീവനും ഞാനാണ്' എന്നരുൾ ചെയ്ത ക്രിസ്തുനാഥാ, സത്യസന്ധരായി ജീവിക്കാനും സത്യം ജീവിതത്തിൽ പ്രാവർത്തികമാക്കാനും ഞങ്ങളെ അനുഗ്രഹിക്കേണമേ. ആമേൻ.

## ചോദ്യങ്ങൾ

1. സത്യം എന്നാൽ എന്ത്?
2. സത്യസന്ധരാവാൻ എന്ത് ചെയ്യണം?
3. ബൈബിളിൽ നാം കാണുന്ന സത്യസന്ധരുടെ പേരുകൾ ഏവ?
4. സത്യത്തിന്റെ ഉറവിടമായ ദൈവത്തോട് ചേർന്ന് നിൽക്കാൻ എന്ത് ചെയ്യണം?
5. സത്യസന്ധതയോടെ ജീവിക്കാൻ നാം ഒഴിവാക്കേണ്ടത് എന്തെല്ലാം?